## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1466** — **11/08/2017** ൽ മറുപടിക്ക്

## അതിരപ്പിള്ളി പഞ്ചായത്തിന് ടൂറിസം പ്രവേശനഫീസ് വിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** ടൂറിസം മേഖലയിൽ ഉൾപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വനംവകുപ്പ് പിരിച്ചെടുക്കുന്ന ടൂറിസം പ്രവേശന ഫീസിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>**ബി)** ഇതിനായി പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | **എ) യും ബി)** അതിരപ്പിള്ളി വനമേഖലയിൽ വാഴച്ചാൽ വന വികസന ഏജൻസി മുഖേന പങ്കാളിത്ത ഇക്കോടൂറിസം പദ്ധതിയാണ് വനം വകുപ്പ് നടപ്പാക്കുന്നത്. തദ്ദേശീയരായ വനാശ്രിതരുടെ കൂട്ടായ്മയായ അതിരപ്പിള്ളി വന സംരക്ഷണ സമിതിയാണ് അതിരപ്പിള്ളി പങ്കാളിത്ത ഇക്കോടൂറിസം നടപ്പാക്കുന്നത്. സർക്കാർ ഉത്തരവിലൂടെ രൂപീകരിച്ചിട്ടുള്ള 'പുഴ-വനം' സംരക്ഷണ നിധിയിലേക്കാണ് ടി തുക വകയിരുത്തുന്നത്. സർക്കാർ അംഗീകരിച്ച പുഴ-വനം സംരക്ഷണ നിധി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ടി തുക വന സംരക്ഷണത്തിനും, വനത്തിന്റെ സുസ്ഥിര പരിപാലനത്തിനും, ഇക്കോടൂറിസം മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജനത്തിനും, ഗൈഡുമാരുടെയും ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വന സംരക്ഷണ സമിതി അംഗങ്ങളുടേയും വേതനം നൽകുന്നതിനായും വിനിയോഗിക്കുന്നു. ഇക്കോടൂറിസം പ്രദേശത്തെ വനാശ്രിതരുടെ സാമൂഹ്യ ഉന്നമനത്തിനായും ടി തുക വിനിയോഗിച്ചുവരുന്നു.<br><br>അതിനാൽ അതിരപ്പിള്ളി പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| സി | വരുമാനം തീരെ കുറഞ്ഞതും പട്ടികവർഗ്ഗ കോളനികളും തോട്ടം തൊഴിലാളി മേഖലയും ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിനെ സഹായിക്കുവാൻ പ്രത്യേക സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ? | സി | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ